# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1901 15.7.2016-ൽ മറുപടിയ്ക്ക്
### ഇറച്ചിക്കോഴി ഉദ്പാദന സംസ്കരണ വിപണന കേന്ദ്രങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ.രാമചന്ദ്രൻ | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം<br>ക്ഷീരവികസനം,മൃഗശാല വകുപ്പ് മന്ത്രി) |
| എ) കേരളാ പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷന്റെ നിയന്ത്രണത്തിൽ കോഴിയിറച്ചി വിപണന കേന്ദ്രങ്ങൾ എവിടെയെല്ലാമാണുള്ളതെന്ന് വ്യക്തമാക്കാമോ; | എ) സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ ആസ്ഥാന കേന്ദ്രമായ പേട്ടയിൽ പ്രധാന വിപണനശാല പ്രവർത്തിക്കുന്നു. അതിന് പുറമെ തിരുവനന്തപുരം ജില്ലയിലെ താഴെപ്പറയുന്ന സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന കെപ്കോ ഏജൻസികളും കെപ്കോ കോഴിയിറച്ചിയുടെ വിപണന കേന്ദ്രങ്ങളാണ്.<br>പേരൂർക്കട, പട്ടം, ശ്രീകാര്യം, നാലാഞ്ചിറ കിളിമാനൂർ, കരമന , മെഡിക്കൽ കോളേജ്, വർക്കല, വെട്ടുകാട്, പേയാട്, വാളിക്കോട്, വട്ടിയൂർക്കാവ്, കല്ലമ്പലം, മുട്ടട, ഏണിക്കര, ആയുർവേദ കോളേജ്, ആറ്റിങ്ങൽ, കുമാരപുരം, ചിറയിൻകീഴ്, സ്റ്റേഷൻ കടവ്, മണ്ണന്തല, നെയ്യാറ്റിൻകര, വെട്ടുകാട് എം.ആർ. ജംഗ്ഷൻ, കാഞ്ഞിരംപാറ |
| ബി) എല്ലാ ജില്ലകളിലും സംസ്കരണ വിപണന കേന്ദ്രങ്ങളുണ്ടോ എന്നു വ്യക്തമാക്കാമോ; | ബി) ഇപ്പോൾ തിരുവനന്തപുരം ജില്ലയിൽ മാത്രമാണ് സംസ്കരണ വിപണന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. |
| സി) ഇല്ലെങ്കിൽ എല്ലാ ജില്ലകളിലും അവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാമോ; | സി) കെപ്കോയുടെ കീഴിൽ മറ്റ് ജില്ലകളിൽ ഇറച്ചിക്കോഴികളുടെ ഉല്പാദനം ആരംഭിക്കുമ്പോൾ അവിടെ സംസ്കരണ വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| ഡി) കേരളത്തിലെ ഇറച്ചിക്കോഴി കർഷകരിൽ നിന്നും മികച്ച വില നൽകി കോഴിയിറച്ചി വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നു വ്യക്തമാക്കാമോ; | ഡി) ഇന്റഗ്രേഷൻ വ്യവസ്ഥയിൽ, കർഷകരുടെ സ്വന്തം ഫാമുകളിൽ വളർത്തിയെടുക്കുന്ന കോഴികളെയാണ് കെപ്കോ കോഴിയിറച്ചിക്കായി ഉപയോഗിക്കുന്നത്. ഇപ്രകാരം കോഴികൾ മതിയാകാതെ വരുന്ന |

| | | | |
|---|---|---|---|
| | | | സന്ദർഭത്തിൽ ഇറച്ചിക്കോഴി കർഷകർക്ക് അവരുടെ പക്കലുള്ള കോഴികളെ കെപ്കോയ്ക്ക് വിൽക്കാവുന്നതാണ്. |
| ഇ) | എല്ലാ ജില്ലകളിലും പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷന്റെ ഉടമസ്ഥതയിൽ ഇറച്ചിക്കോഴി ഉൽപാദന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ ? | ഇ ) | എല്ലാ ജില്ലകളിലും ഇറച്ചിക്കോഴി ഉല്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നത് പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ